# പതിമൂന്നാം കേരള നിയമസഭ

## പന്ത്രണ്ടാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നം. T 4296 — 17.12.2014 -ൽ മറുപടിക്ക്

### ആശാ വർക്കേഴ്സ് ഫെഡറേഷന്റെ ആവശ്യങ്ങൾ

| ചോദ്യം | മറുപടി |
|---|---|
| ശ്രീ. എളമരം കരീം :<br>ശ്രീമതി. കെ. എസ്. സലീഖ :<br>,, കെ. കെ. ലതിക :<br>ഡോ. കെ. ടി. ജലീൽ : | ശ്രീ. വി. എസ്. ശിവകുമാർ<br>(ആരോഗ്യവും കുടുംബക്ഷേമവും ദേവസ്വവും വകുപ്പുമന്ത്രി) |
| (എ) അനിശ്ചിതകാല രാപകൽ സത്യാഗ്രഹം നടത്താൻ തീരുമാനിച്ച ആശാ വർക്കേഴ്സ് ഫെഡറേഷന്റെ ആവശ്യങ്ങൾ സംബന്ധിച്ച് വിശദമാക്കാമോ ; | (എ) പ്രതിമാസ ഹോണറേറിയം 10,000 രൂപയായി ഉയർത്തുക, കേന്ദ്രസർക്കാരിന്റെ ഗൈഡ് ലൈൻ അനുസരിച്ചുള്ള ഇൻസെന്റീവ് മുടങ്ങാതെ നൽകുക, ബാങ്കുകൾ ഈടാക്കുന്ന സർവ്വീസ് ചാർജ്ജ് നിർത്തലാക്കുക, മറ്റ് സംസ്ഥാനങ്ങളിൽ ലഭിക്കുന്ന തരത്തിൽ മൊബൈൽ ഫോൺ, യൂണിഫോം അലവൻസുകൾ നൽകുക, തൊഴിൽ സ്ഥിരതയും സാമൂഹ്യ സുരക്ഷയും ഉറപ്പാക്കുക എന്നിവയാണ് ആശാ വർക്കേഴ്സ് ഫെഡറേഷന്റെ ആവശ്യങ്ങൾ. |
| (ബി) സംസ്ഥാനത്താകെ ആശാവർക്കർമാർ എത്ര വർഷമായി തൊഴിലെടുക്കുന്നുവെന്നുള്ള വിശദാംശങ്ങൾ ശേഖരിച്ചിട്ടുണ്ടോ ; വിശദമാക്കാമോ ; | (ബി) കേരളത്തിൽ ആശാപദ്ധതി 7 വർഷമായി (2007) നടപ്പിലാക്കി വരുന്നു. കേരളത്തിൽ 28268 ആശ പ്രവർത്തകർ 14 ജില്ലകളിലായി പ്രവർത്തിച്ചു വരുന്നു. സമൂഹത്തെ, പ്രത്യേകിച്ച് ദുർബല ജന വിഭാഗങ്ങളെ, ലഭ്യമായ ആരോഗ്യ സേവനങ്ങളെക്കുറിച്ചു ബോധവൽക്കരിക്കുകയും അത്തരം സേവനങ്ങൾ നേടിയെടുക്കാൻ ജനങ്ങളെ സഹായിക്കുകയും അവകാശങ്ങൾ സംരക്ഷിക്കാൻ അവരോടൊപ്പം പ്രവർത്തിക്കുകയും ചെയ്യുകയാണ് ആശാ പ്രവർത്തകരുടെ പ്രധാന ഉത്തരവാദിത്വം. |
| (സി) ആശാ വർക്കർമാർക്ക് പ്രഖ്യാപിച്ച ഓണറേറിയം സംബന്ധിച്ച വിവരം ലഭ്യമാക്കാമോ ; | (സി) 2013-14 -ലെ സംസ്ഥാന ബഡ്ജറ്റിൽ ആശ ഹോണറേറിയം 700 രൂപയായിരുന്നു. ഇത് 2014-15 -ൽ 900 രൂപയായി വർദ്ധിപ്പിച്ചിട്ടുണ്ട്. |

(....2)

| | | | |
|---|---|---|---|
| (ഡി) | നിലവിൽ ഓണറേറിയം കുടിശ്ശിക യായിട്ടുണ്ടോ ; ഉണ്ടെങ്കിൽ അതു സംബന്ധിച്ച വിശദാംശം ലഭ്യമാക്കുമോ ; | (ഡി) | ഉണ്ട്. 2013-14 വർഷത്തേക്ക് 20 കോടി രൂപ ആശാ ഹോണറേറിയത്തിനായി അനുവദിച്ചതിൽ 9 മാസത്തേക്കുള്ള ഹോണറേറിയം ആശമാർക്ക് നൽകിയിട്ടുണ്ട്. ഇതിൽ 3 മാസത്തെ ഹോണറേറിയം കുടിശ്ശികയുണ്ട്. 2014-15 -ൽ 8 മാസത്തെ (ഏപ്രിൽ - നവംബർ 2014) കുടിശ്ശികയുണ്ട്. ഇതിനായി 24 കോടി രൂപ അനുവദിച്ചിട്ടുണ്ട്. |
| (ഇ) | കുടിശ്ശിക ഉണ്ടെങ്കിൽ അത് എന്നത്തേയ്ക്ക് കൊടുക്കാൻ കഴിയുമെന്ന് വ്യക്തമാക്കുമോ ? | (ഇ) | തുക വിതരണം ചെയ്യുന്നതിനുള്ള നടപടികൾ സ്വീകരിച്ചു വരുന്നു. |

സെക്ഷൻ ഓഫീസർ